II ഇ.ബി. XVI- കേരള നിയമസഭ/I-1

**പതിനാറാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ജൂൺ 22, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1) നെല്ല് സംഭരണം

ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, നെല്ല് സംഭരണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബാങ്ക് കൺസോർഷ്യം വഴി നെല്ല് സംഭരണത്തിനായി അനുവദിച്ചിട്ടുള്ള വായ്പാ പരിധി 1600 കോടി രൂപയായി ഉയർത്തിയിട്ടുണ്ടെന്നും പി.ആർ.എസ്. വായ്പകളുടെ തിരിച്ചടവിലുണ്ടാകുന്ന കാലതാമസം കർഷകരുടെ ബാധ്യതയാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും SBI/Canara ബാങ്കുകളിൽനിന്നുള്ള PRS വായ്പാ പദ്ധതി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ടെന്നും നാളിതുവരെ 217 കോടി രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കർഷകരുടെ രജിസ്ട്രേഷൻ ഘട്ടം മുതൽ സംഭരിച്ച നെല്ലിന്റെ വിതരണം വരെയുള്ള മുഴുവൻ പ്രക്രിയകളിലും സുതാര്യതയും കാര്യക്ഷമതയും

ഉറപ്പാക്കുന്നതിനായി സമഗ്ര ERP (Enterprise Resource Planning) സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് യഥാസമയം തുക കൈമാറുന്നതിനും കേന്ദ്രവിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ഓഡിറ്റും അക്കൗണ്ട്സ് തീർപ്പാക്കലും (ACCOUNTS FINALIZATION) വേഗത്തിൽ പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് മന്ത്രി കൂട്ടിച്ചേർത്തു. സി-ഡാക്കുമായി സഹകരിച്ച് വി.എൽ.ടി.എസ് (VLTS) സംവിധാനം നെല്ല് സംഭരണമേഖലയിലേക്കും വ്യാപിപ്പിക്കുന്നതാണ്. മില്ലുകളെ സപ്ലൈകോയുടെ കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് കൊണ്ടുവരാനാകുമോയെന്നും കൂടുതൽ നെല്ല് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതയും പാഡി മാർക്കറ്റിങ് ഓഫീസർമാർക്ക് ഓഫീസ് സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ചും പരിശോധിക്കുമെന്നും വിളവെടുപ്പിനുമുമ്പ് തന്നെ കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

2(*2) <u>സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി</u>

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടിയിൽ, സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരുമായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കുന്നതെന്നും 2026 ഏപ്രിൽ മാസത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 5119002 ഗുണഭോക്താക്കൾക്ക് 942,72,75,000/- രൂപ അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ക്ഷേമ പെൻഷൻ വിതരണം കാര്യക്ഷമമായി നിർവഹിക്കുന്നതിനും ഫണ്ട്

കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ച് വരികയാണെന്നും 2021 മുതൽ 26 വരെയുള്ള കാലയളവിൽ ഇതിന് 17175 കോടി രൂപയുടെ ബാധ്യതയുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. നിലവിൽ ഗുണഭോക്താക്കളുടെ താൽപര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകി വരുന്നുണ്ടെന്നും സാമൂഹ്യ സുരക്ഷ/ക്ഷേമ പെൻഷൻ ₹3000 ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതിയിൽനിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനായി പീരിയോഡിക്കലായി പരിശോധന നടത്തുമെന്നും മുടക്കംകൂടാതെയും കുറ്റമറ്റരീതിയിലും പെൻഷൻ വിതരണം നടത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

3(*3) <u>സൗജന്യ പൊതുജനാരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ) നൽകിയ മറുപടിയിൽ, സാധാരണ ജനങ്ങളുടെ ചികിത്സാ ചെലവുകൾ ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ഉറപ്പാക്കുന്നതിനുമായി എല്ലാ കുടുംബങ്ങൾക്കും പ്രതിവർഷം 25 ലക്ഷം രൂപ വരെയുള്ള സൗജന്യ "ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി" നടപ്പാക്കുന്നതാണെന്നും പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്കായി 2026-27-ലെ പുതുക്കിയ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ടി പദ്ധതി പൊതുജനാരോഗ്യ സംവിധാനങ്ങളെയും മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളെയും തകർക്കാൻ ഇടയാക്കുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്നും ആരോഗ്യ കേന്ദ്രങ്ങളുടെ

അടിസ്ഥാന സൗകര്യ വികസനത്തിനും മരുന്ന ലഭ്യത ഉറപ്പു വരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് 2017 കോടി രൂപയും KMSCL-ന് മരുന്ന് സംഭരിച്ച ഇനത്തിൽ 300 കോടി രൂപയും കുടിശ്ശികയുണ്ടെന്നും ആരോഗ്യ സുരക്ഷാ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പരിമിതിയുള്ള അതിർത്തി ജില്ലകളിലുള്ളവർക്ക് അയൽ സംസ്ഥാനങ്ങളിലെ ആശുപത്രികളിലെ ചികിത്സയ്ക്ക് ടി ഇൻഷ്വറൻസ് പദ്ധതി ബാധകമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണെന്നും ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച കാര്യങ്ങൾ കമ്പനികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

4(*4) <u>തദ്ദേശമേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി) നൽകിയ മറുപടിയിൽ, ഭവനരഹിതരുടെ പുനരധിവാസത്തിനും തദ്ദേശ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യവികസനം ഉറപ്പാക്കുന്നതിനും നഗര തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങൾ പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് മാറ്റുന്നതിനും വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 15-06-2026 വരെ 502401 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 107113 വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയുമാണ്. 'മനസ്സോടിത്തിരി മണ്ണ് ' ക്യാമ്പയിന്റെ ഭാഗമായി 2984.464 സെന്റ് (29.84 ഏക്കർ) ഭൂമി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടെന്നും പി.എം.എ.വൈ.(നഗരം) പദ്ധതിയുടെ ഭാഗമായി 101437 വീടുകളുടെയും അഫോർഡബിൾ ഹൗസിങ് ഇൻ പാർട്ണർഷിപ്പ് ഘടകത്തിലുൾപ്പെടുത്തി 530 യൂണിറ്റുകളുടെയും പി.എം.എ.വൈ.(ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 34265 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. തദ്ദേശ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിനായി ഇംപാക്റ്റ് കേരള എന്ന നോഡൽ ഏജൻസി പ്രവർത്തിച്ചുവരുന്നുണ്ടെന്നും പൗരന്മാർക്ക് സേവനങ്ങൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിനായി K-SMART പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ലൈഫ് ഭവന പദ്ധതി നടത്തിപ്പിൽ ആശങ്കപ്പെടേണ്ടതില്ലെന്നും വിവിധ ഘട്ടങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്ന വീടുകൾ പൂർത്തിയാക്കുന്നതാണെന്നും മുൻസർക്കാരിന്റെ മാതൃകാപരമായ പദ്ധതികൾ തുടരുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.